ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പ്രസ്തുത പരാതിയിന്മേൽ പഞ്ചായത്ത് ഡയറക്ടർ സർക്കാരിന് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിലുള്ള ഫയൽ തുടർ നടപടികൾക്കായി 25-6-2005 തീയതിയിൽ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്.

തീരപഥം പദ്ധതി നടപ്പിലാക്കാൻ നടപടി

94 [2526] *ശ്രീ. പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗര വികസനത്തിന്റെ ഭാഗമായി തീരപഥം എന്നൊരു പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ മതിപ്പ് ചെലവ് എത്ര രൂപയാണ്;

(സി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏകദേശം 1950 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(സി) 16.50 കി. മീ. നീളമുള്ള ആക്കുളം മുതൽ കോവളം വരെയുള്ള പാർവ്വതി പുത്തനാർ കനാൽ ശുദ്ധീകരിച്ച് കനാലിനിരുവശത്തും 32 ചതുരശ്ര കി. മീ. പ്രദേശത്ത് ടൂറിസം പദ്ധതികൾ നടപ്പാക്കാനാണ് പ്രധാനമായും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. കനാലിന്റെ ഇരുവശത്തും സ്വാഭാവിക പൂന്തോട്ടം, പൈതൃക പ്രാധാന്യമുള്ള കെട്ടിട സമുച്ചയങ്ങളുടെ പരിപാലനം എന്നിവയ്ക്ക് വേണ്ടിയുള്ള പദ്ധതികൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രദേശത്തിനെ ഒരു സമഗ്രമായ ഇക്കോ-ഫ്രണ്ട്ലി ടൗൺഷിപ്പായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ഗ്രാന്റുകൾ

95 [2527] *ശ്രീ. വി. കെ. സി. മമ്മത് കോയ:*

,, സാജുപോൾ:

,, കെ. പി. സതീശ് ചന്ദ്രൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനു പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly